# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

### റിക്രൂട്ടിംഗ് ഏജൻസികൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3552 — 10.04.2013 ലെ മറുപടിക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ദാസൻ: | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസികളെല്ലാം നിയമവിധേയമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് 548 അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി (പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്) നൽകുന്ന സർട്ടിഫിക്കറ്റിലെ മാനദണ്ഡങ്ങൾക്ക് വിധേയമായല്ലാതെ റിക്രൂട്ടിംഗ് ഏജൻസികൾ ഒന്നും തന്നെ പ്രവർത്തിക്കുവാൻ പാടില്ല എന്ന് എമിഗ്രേഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തത് ധാരാളം അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നതും ഇതുകാരണം വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലേക്ക് റിക്രൂട്ട് ചെയ്യപ്പെടുന്നവർ അനുഭവിക്കുന്ന പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | അനധികൃത റിക്രൂട്ടിംഗ് ഏജൻസികളെക്കുറിച്ച് വിവരം ലഭിക്കുമ്പോൾ അത്തരം ഏജൻസികൾക്കെതിരെ ബന്ധപ്പെട്ട പോലീസ് അധികൃതർ മുഖേന എമിഗ്രേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നിയമ നടപടികൾ യഥാസമയം സ്വീകരിക്കാറുണ്ട്. |

| | | |
|---|---|---|
| (സി) പ്രവാസികളുടെ പ്രശ്നങ്ങൾ കണ്ടെത്തി അവരുടെ ക്ഷേമത്തിനായി മുൻ സർക്കാർ കൊണ്ടുവന്ന പാക്കേജ് നടപ്പിലാക്കുന്നതിൽ ഈ സർക്കാർ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | ഇത്തരത്തിലൊരു പാക്കേജ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ